*സർക്കുലർ 01/2025*

# കുടുംബകൂട്ടായ്മ ഭാരവാഹി കളുടെ തിരഞ്ഞെടുപ്പും പാരിഷ് കൗൺസിൽ രൂപീകരണവും (2025 -2028)

മിശിഹായിൽ പ്രിയപ്പെട്ടവരേ,

വിശ്വാസത്തിന്റെ കേന്ദ്രവും സഭയുടെ ചെറിയ പതിപ്പുമായ ക്രൈസ്തവ കുടുംബങ്ങൾക്ക് തിരുസഭയിൽ സവിശേഷമായ സ്ഥാനമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹികസഭയെന്ന് വിളിക്കുന്നു. കുടുംബം സാമൂഹ്യവ്യവസ്ഥിതി മാത്രമല്ല, സുവിശേഷവത്ക്കരണത്തിന്റെ വേദിയും ക്രിസ്തുവിനു സാക്ഷ്യം നൽകുന്ന കൂടാരവുമാണ്. ഗാർഹികസഭയായ കുടുംബങ്ങളുടെ സംഗമമാണല്ലോ നമ്മുടെ ഇടവകയിലെ ഓരോ കുടുംബകൂട്ടായ്മയും. അവ സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും വേദിയാണ്. കുടുംബകൂട്ടായ്മയെ നയിക്കാനും നേതൃത്വം നൽകാനും തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ സമൂഹത്തിൽ സഭയെ പടുത്തുയർത്തുന്ന വിശിഷ്ടമായ നിയോഗത്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസികളുടെ കൂട്ടായ്മകൾ ആദിമസഭ കാലഘട്ടം മുതൽ സജീവമായിരുന്നു. ശ്ലീഹന്മാരുടെ സന്ദർശനത്തിന്റെ ഫലമായി നിരവധി ആളുകൾ മാമ്മോദീസ സ്വീകരിച്ച് അവർ "പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താൽപ്പര്യപൂർവം പങ്കുചേർന്നുവെന്ന് അപ്പസ്തോല പ്രവർത്തനങ്ങളുടെ പുസ്തകം പ്രതിപാദിക്കുന്നുണ്ട് (അപ്പ 2,42). ഇടവകയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എല്ലാ കുടുംബങ്ങളെയും ഇടവക ദൈവാലയത്തോട് ചേർത്തുനിർത്തുന്നതിനും കുടുംബകൂട്ടായ്മകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കുടുംബകൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് പാരിഷ് കൗൺസിൽ അംഗങ്ങളാകുന്നത്. 2022 ഏപ്രിൽ മാസത്തിൽ നിലവിൽ വന്ന ഇപ്പോഴത്തെ പാരിഷ് കൗൺസിലിന്റെ കാലാവധി 2025 മാർച്ച് 31 ന് പൂർത്തിയാകുന്നു. അതിനാൽ, തിരഞ്ഞെടുപ്പ് നടത്തി പുതിയ പാരിഷ് കൗൺസിലും നാം രൂപീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സ്തുത്യർഹമായി സേവനം ചെയ്ത് സ്ഥാനമൊഴിയുന്ന കുടുംബകൂട്ടായ്മ ഭാരവാഹികൾ നമ്മുടെ കൃതജ്ഞത അർഹിക്കുന്ന വരാണ്. ഇടവകയുടെയും കുടുംബങ്ങളുടെയും നാടിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്കായി തീക്ഷണതയോടെ അവർ പ്രയത്നിച്ചു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു. പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്താനും ഞാൻ ആഗ്രഹിക്കുകയാണ്.

സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളുടെയും താമരശ്ശേരി രൂപതയുടെ നിയമാവലിയുടെയും അടിസ്ഥാനത്തിൽ ഒരു ഇടവകയുടെ ഭരണ നിർവഹണത്തിലും പൊതുവായി വരുന്ന പ്രവർത്തനങ്ങളിലും ഇടവക ജനത്തിന്റെ കൂട്ടുത്തരവാദിത്വവും സഹകരണവും ആവശ്യപ്പെടുന്ന സംവിധാനങ്ങളാണ് പൊതുയോഗവും പ്രതിനിധിയോഗവും. ഇടവക ജനത്തിന്റെ പ്രതിനിധികളാണ് തിരഞ്ഞെടുക്കപ്പെടുന്ന കുടുംബകൂട്ടായ്മ ഭാരവാഹികൾ. നമ്മുടെ എല്ലാ ഇടവകകളിലും കാര്യക്ഷമമായി മാസത്തിലൊരിക്കൽ കുടുംബകൂട്ടായ്മകൾ ഒന്നിച്ചുചേരുകയും പ്രാർഥിക്കുകയും സഭാപരവും ആനുകാലികവുമായ വിഷയങ്ങളെപ്പറ്റി സംസാരിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുന്നത് ആദിമസഭയുടെ ചൈതന്യത്തോടെയാണല്ലോ. അതുപോലെ, പാരിഷ് കൗൺസിൽ അംഗങ്ങളും മാസത്തിലൊരിക്കൽ ഒരുമിച്ച് അജപാലനകാര്യങ്ങൾ ചർച്ച ചെയ്തും ഇടവകയുടെ ഭൗതീകവും ആത്മീയവുമായ പുരോഗതിയ്ക്കുവേണ്ടി ബഹുമാനപ്പെട്ട വികാരിയച്ചനോടൊപ്പം പ്രയത്നിക്കുകയും ചെയ്യുന്നു.

കുടുംബകൂട്ടായ്മകളുടെ സഹകരണവും സജീവമായ ഇടപെടലുമാണ് ഇടവകയുടെ പൊതുവായ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നത്. ഇടവകാതലത്തിലുള്ള എല്ലാ പദ്ധതികളും കുടുംബയൂണിറ്റിലും നടപ്പിലാക്കുക, ഇടവകയുടെ പൊതുവായ കാര്യങ്ങളിൽ കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക, ഭവനങ്ങൾ തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുക, സംഘടനകളെ ശക്തിപ്പെടുത്തുക, പാവപ്പെട്ടവരെയും നിരാലബരെയും പരിഗണിക്കുക, വി. ഗ്രന്ഥവും സഭാപ്രബോധന

ങ്ങളും മറ്റ് ആനുകാലിക വിഷയങ്ങളും പഠനവിധേയമാക്കുക, സഭാ-സമുദായ ശാക്തീകരണ ത്തിന് പ്രാധാന്യം നൽകുക എന്നിങ്ങനെ നിരവധിയായ പ്രവർത്തന മേഖലകളിൽ കുടുംബകൂ ട്ടായ്മയ്ക്കും അതിന്റെ ഭാരവാഹികൾക്കും പ്രവർത്തിക്കാനാകും.

കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നിസ്വാർഥമായ സേവനവും സഹകരണവും സഭാ സ്നേഹവും കുടുംബയൂണിറ്റുകളോടൊപ്പം ഇടവകയും സജീവമാകുന്നതിന് സഹായിക്കുന്നു. നേതൃത്വപാടവമുള്ള വിശ്വസ്തരായ ഭാരവാഹികൾ പാരിഷ് കൗൺസിൽ അംഗങ്ങളായി കടന്നുവരു മ്പോൾ ഇടവകയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാകും. പാരിഷ് കൗൺസിൽ യോഗത്തിൽ, കുടുംബകൂട്ടായ്മ വേദികളിൽനിന്ന് ഉയർന്നുവരുന്ന നൂതനമായ ആശയങ്ങൾ ചർച്ച ചെയ്യുന്നത് ഫലപ്രദമായ അജപാലനത്തിനു അനുപേക്ഷണീയമാണ്.

2025-2028 കാലഘട്ടത്തിലേക്കുള്ള പുതിയ പാരിഷ് കൗൺസിൽ രൂപീകരണത്തിന്റെ ആദ്യ പടിയായി എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കണം. ഈ തിര ഞ്ഞെടുപ്പ് 2025 ഫെബ്രുവരി 10 നും മാർച്ച് 20 നും ഇടയിൽ പൂർത്തിയാക്കേണ്ടതാണ്. ഭാരവാഹി കൾ തുടർച്ചയായി രണ്ടു തവണയിൽ (6 വർഷം) കൂടുതൽ തിരഞ്ഞെടുക്കപ്പെടാൻ പാടില്ലായെന്ന നിബന്ധന ഓർമിപ്പിക്കുന്നു. എന്നാൽ ആവശ്യമെങ്കിൽ രൂപതാ കാര്യാലയത്തിന്റെ അനുമതി ഇക്കാര്യത്തിലേക്ക് വാങ്ങേണ്ടതാണ്.

ഇടവകയിൽ പാരിഷ് കൗൺസിൽ രൂപീകരിക്കുന്നതിന് രൂപതാ നിയമാവലിയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്നും തിര ഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടും സെക്രട്ടറിയും കുടുംബകൂട്ടായ്മയുടെ പ്രതിനിധികളെന്ന നില യിൽ പാരിഷ് കൗൺസിൽ അംഗങ്ങളായിരിക്കും[1]. പാരിഷ് കൗൺസിൽ യോഗത്തിന്റെയും പൊതുയോഗത്തിന്റെയും മിനിറ്റ്സും റിപ്പോർട്ടും എഴുതി സൂക്ഷിക്കേണ്ടത് പാരിഷ് കൗൺസിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്.

കുടുംബകൂട്ടായ്മ ഭാരവാഹികളെ കൂടാതെ, രൂപത നിയമാവലിയിൽ (പേജ് 124-126) ആവ ശ്യപ്പെടുന്ന പ്രകാരം പാരിഷ് കൗൺസിലിൽ ഉൾപ്പെടുത്തേണ്ടവരെ തിരഞ്ഞെടു ക്കുകയും നാമനിർദ്ദേശം നൽകുകയും ചെയ്തുകൊണ്ട് ബഹു. വികാരിയച്ചന്മാർ പാരിഷ് കൗൺസിൽ രൂപീകരണം പൂർത്തിയാ ക്കണം. 2025 മാർച്ച് 31 ന് മുമ്പായി തയ്യാറാക്കിയ പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ് അംഗീകാരത്തിനായി രൂപത കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. രൂപത കാര്യാലയത്തിൽ നിന്ന് അവരെ അംഗീകരിച്ചുകൊണ്ടുള്ള കല്പന നൽകുന്നതോടെ യാണ് പാരിഷ് കൗൺസിൽ നിലവിൽ വരുന്നത്. അതിനടുത്തുവരുന്ന ഞായറാഴ്ച, അംഗങ്ങൾ ദൈവാലയത്തിൽ വി. കുർബാനയോടനുബന്ധിച്ച് സത്യപ്രതിജ്ഞ ചെയ്തതിനുശേഷ മായിരി ക്കണം പ്രഥമയോഗം ചേരേണ്ടത്.

കുടുംബയൂണിറ്റുകൾ ശക്തമാക്കികൊണ്ട്, സമയബന്ധിത മായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കുവാനും നിയമാനുസൃതം പാരിഷ് കൗൺസിൽ രൂപീകരിക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിൽ വിശ്വാസിസമൂഹം വേണ്ടത്ര ജാഗ്രതയും വിവേകവും പുലർത്തണമെന്നും അഭ്യർഥിക്കുന്നു. അങ്ങനെ ഇടവകയുടെ അജപാലന പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ച് ഒരു സമൂഹമായി വളരാൻ നമുക്ക് സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

സ്നേഹപൂർവം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2025 ഫെബ്രുവരി 9-ാം തീയതി വി. കുർബാന മധ്യേ വായിക്കുകയോ ഇതിന്റെ ഉള്ളടക്കം ദൈവജനത്തെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1. നാൽപ്പതും അതിൽ അധികവും കുടുംബ യൂണിറ്റുകളുള്ള ഇടവകകളിൽ ഒരു യൂണിറ്റിൽ നിന്ന് ഒരു പ്രതിനിധി മാത്രമാണ് പാരിഷ് കൗൺ സിലിൽ അംഗമാവുക. അത്തരം സാഹചര്യത്തിൽ ഒറ്റ അക്കത്തിലുള്ള യൂണിറ്റുക ളുടെ പ്രസിഡണ്ടുമാരും ഇരട്ട അക്കത്തിലുള്ള യൂണിറ്റുകളുടെ സെക്രട്ടറിമാരും പാരിഷ് കൗൺസിൽ അംഗങ്ങളാ കും.